പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2024 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2024 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

1037/2024.

# 2024 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.—2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009 -ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2 -ാം വകുപ്പിനുള്ള ഭേദഗതി.—2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009 -ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2 -ാം വകുപ്പിൽ, (ജിഎ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ജിഎ) “ഡിവിഡന്റ് " എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്ന നിക്ഷേപത്തിന് പ്രസ്തുത ഏജൻസികൾ ബോർഡിന് നൽകേണ്ടതായ തുകയും സർക്കാരിന്റെ വിഹിതവും ചേർത്ത് പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് അല്ലെങ്കിൽ ഗുണഭോക്താക്കൾക്ക് ഉറപ്പായ തുക അനുവദിക്കുന്നതിലേക്കായി ബോർഡിന് അനുവദിച്ചു കിട്ടുന്ന തുക എന്നർത്ഥമാകുന്നു;” .

3. 8എ വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 8എ വകുപ്പിലെ നിലവിലുള്ള വ്യവസ്ഥയെ (1) -ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1) -ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, (1) -ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയിൽ, മുൻകാലപ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ, എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വിട്ടുകളയുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്." .

4. 9 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9 -ാം വകുപ്പിൽ,—

(1) (3) -ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന അഞ്ച് ഡയറക്ടർമാർ;

(ii) പ്രവാസി കേരളീയരെ (ഭാരതം) പ്രതിനിധീകരിക്കുന്ന രണ്ട് ഡയറക്ടർമാർ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാല് ഉദ്യോഗസ്ഥർ (എക്സ്-ഒഫീഷ്യോ);

(iv) ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിനെ പ്രതിനിധീകരിക്കുന്ന ഒരു ഡയറക്ടർ (എക്സ്-ഒഫീഷ്യോ);

(v) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ്-ഒഫീഷ്യോ);

(vi) നോർക്ക-റൂട്ട്സിൽ നിന്നുള്ള ഒരു പ്രതിനിധി (എക്സ്-ഒഫീഷ്യോ);

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡയറക്ടർ.";

(2) (4) -ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ബോർഡിന്റെ ഡയറക്ടർമാരിൽ നിന്നും പ്രവാസി കേരളീയൻ (വിദേശം) ആയ ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്.";

(3) (5) -ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

5. 10 -ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 10 -ാം വകുപ്പിൽ,—

(1) (1) -ാം ഉപവകുപ്പിൽ "കാലാവധി" എന്ന വാക്കിനു ശേഷം "ഗസറ്റ് വിജ്ഞാപന തീയതി മുതൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (3) -ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ഡയറക്ടറുടെ മരണമോ, രാജിയോ, നീക്കം ചെയ്യപ്പെടലോ അല്ലെങ്കിൽ മറ്റുവിധത്തിലോ ഉണ്ടാകുന്ന ഒരു ആകസ്മിക ഒഴിവ്, സർക്കാർ, കഴിയുന്നത്ര വേഗം നികത്തേണ്ടതും, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾക്ക്, ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യപ്പെട്ടത്, അയാളുടെ ശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി അവരുടെ കമ്പനികളോ, സഹകരണ സംഘങ്ങളോ, സംഘങ്ങളോ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളോ പ്രൊമോട്ട് ചെയ്യുന്നതിനും വേണ്ടി സംസ്ഥാന നിയമസഭ 2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് എന്ന പേരിൽ ഒരു നിയമനിർമ്മാണം നടത്തുകയുണ്ടായി. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023) പ്രസ്തുത ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 650/2019, 976/2019, 445/2020, 446/2020 എന്നീ വിജ്ഞാപനങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും പ്രസ്തുത സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിൽ മേൽപ്പറഞ്ഞ വിജ്ഞാപനങ്ങളിൽ വരുത്തേണ്ട ഭേദഗതികളും അതിനനുസൃതമായി 2008 -ലെ പ്രവാസി കേരളീയ ക്ഷേമ ആക്റ്റിൽ വരുത്തേണ്ട ഭേദഗതികളും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനും മറ്റുമായി 2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3 -ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8 എ വകുപ്പിലെ (2) -ാം ഉപവകുപ്പിൽ ഗസറ്റ് വിജ്ഞാപനം വഴി, 8 എ വകുപ്പിലെ (1) -ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയിൽ, മുൻകാലപ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ, എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വിട്ടുകളയുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം (1) -ാം ഉപഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 9 -ാം വകുപ്പിലെ (3) -ാം ഉപവകുപ്പിൽ കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിൽ ഗസറ്റ് വിജ്ഞാപനം വഴി പതിനഞ്ച് ഡയറക്ടർമാരെ നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 4 -ാം ഖണ്ഡം (2) -ാം ഉപഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന (4) -ാം ഉപവകുപ്പിൽ ബോർഡിന്റെ ഡയറക്ടർമാരിൽ പ്രവാസി കേരളീയൻ (വിദേശം) ആയ ഒരാളെ അതിന്റെ ചെയർമാനായി നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ പദ്ധതികൾ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, പദ്ധതികൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

പിണറായി വിജയൻ

## 2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ (2009 -ലെ 10-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ജിഎ) "ഡിവിഡന്റ്" എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന തുകയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി നിക്ഷേപകന് നൽകുന്ന ലാഭവിഹിതം എന്നർത്ഥമാകുന്നു;

** ** ** **

8 എ. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി.—പ്രവാസി കേരളീയരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച്, ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതി സർക്കാരിന് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയും പ്രവാസി കേരളീയരുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടിയും 14 -ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ രൂപീകരിക്കാവുന്നതാണ്.

** ** ** **

9. ബോർഡിന്റെ രൂപവൽക്കരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, നിധിയുടെ ഭരണനിർവ്വഹണത്തിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും, പരിപാലനത്തിനും, ഈ ആക്റ്റിന്റെയും പദ്ധതിയുടെയും കീഴിലുള്ള മറ്റ് പ്രവർത്തനങ്ങൾക്കും വേണ്ടി "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപവൽക്കരിക്കാവുന്നതാണ്.

** ** ** **

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്,—

(i) പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന അഞ്ച് ഡയറക്ടർമാർ;

(ii) പ്രവാസി കേരളീയരെ (ഭാരതം) പ്രതിനിധീകരിക്കുന്ന രണ്ട് ഡയറക്ടർമാർ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാല് ഉദ്യോഗസ്ഥർ;

(iv) ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൽട്ടന്റ്സ് ലിമിറ്റഡിനെ പ്രതിനിധീകരിക്കുന്ന ഒരു ഡയറക്ടർ;

(v) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;

(vi) നോർക്ക-റൂട്ട്സിൽ നിന്നുള്ള ഒരു പ്രതിനിധി;

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡയറക്ടർ.

(4) ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്.

(5) സർക്കാർ, ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

** ** ** **

10. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.—(1) 9 -ാം വകുപ്പ് (3) -ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു എക്സ്-ഒഫീഷ്യോ ഡയറക്ടർ ഒഴികെയുള്ള ഡയറക്ടറുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്.

** ** ** **

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

** ** ** **